**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1000** 30.11.2018 -ലെ മറുപടി

**കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ടോ ;വിശദാംശങ്ങൾ അറിയിക്കാമോ; | എ) കാസർഗോഡ് ജില്ലയിലെ വിവിധ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ ചന്ദ്രഗിരി പുഴയിൽ ബാവിക്കര എന്ന സ്ഥലത്തുള്ള തടയണ നിർമ്മാണ പദ്ധത് ഇറിഗേഷൻ വകുപ്പിന്റെ കീഴിലാണ്. ഈ സ്രോതസ്സായുള്ള കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട്, പഞ്ചായത്തിനും വേണ്ടിയുള്ള കിഫ്ബി ധന സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയും കാസർഗോഡ് ജില്ലയിലെ ചെങ്കള, മുളിയാറ്, മധൂർ, മൊഗ്രാൽപുത്തൂർ എന്നീ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള കുടിവെള്ളപദ്ധതിയും പുരോഗമിച്ചുവരുന്നു. കാസർഗോഡ് ജില്ലയിലെ ബാവിക്കര റഗുലേറ്റർ (ബാക്കി പ്രവൃത്തി) തുടങ്ങുന്നതിന് വേണ്ടി 04/10/2018 ന് കോൺട്രാക്ടർക്ക് പ്രവൃത്തി സ്ഥലം വിട്ടു നൽകിയിട്ടുണ്ട്. |
| ബി) ഈ പദ്ധതിയോടനുബന്ധിച്ച് ഒരു ട്രാക്ടർ വേ അനുവദിക്കണമെന്ന പ്രദേശ വാസികളുടെ ആവശ്യത്തിന് വകുപ്പ് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) കാസർഗോഡ് ജില്ലയിലെ മുളിയാർ പഞ്ചായത്തിലെ ബാവിക്കര പദ്ധതിയുടെ പകുതിയോളം ഭാഗം തടയണ/വി.സി.ബി ആയി പണി പൂർത്തീകരിച്ചതാണ്. നിർമ്മാണം പൂർത്തിയാകാത്ത ഭാഗത്തെ പുഴയുടെ ഒഴുക്ക് കാരണം പുഴയുടെ അടിത്തട്ട് ക്രമാതീതമായി താഴ്ന്നതിനാൽ നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ചുള്ള പുതുക്കിയ ഡിസൈൻ പ്രകാരമുള്ള ബാലൻസ് പ്രവൃത്തിയാണ് ഇപ്പോൾ നടക്കുന്നത്. പുതുക്കിയ ഡിസൈൻ പ്രകാരം ട്രാക്ടർ വേ പ്രായോഗികമല്ല. |
| സി) കാസർഗോഡ് ജില്ലയിലെ ചിത്താരി, കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി എന്നിവിടങ്ങളിൽ തടയണയോടുകൂടി പാലം നിർമ്മിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) എങ്കിൽ ഇത്തരത്തിൽ ബാവിക്കരയിലും ഒരു ട്രാക്ടർവേ നിർമ്മിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | ഡി) പുതുക്കിയ ഡിസൈൻ പ്രകാരം ട്രാക്ടർ വേ പ്രായോഗികമല്ല. |

Renuka Santhan
സെക്ഷൻ ഓഫീസർ